# ലാലൂരിൽ പ്ലാന്റ് സ്ഥാപിക്കുന്നത് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

തൃശൂർ : ലാലൂരിൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കോർപ്പറേഷൻ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനുമായി ധാരണാ പത്രം ഒപ്പുവെച്ചു. പ്ലാന്റ് നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

ഹൈക്കോടതി നിർദ്ദേശ പ്രകാരം പ്ലാന്റ് നിർമ്മാണത്തിന്റെ മേൽനോട്ടത്തിന് ജില്ലാ കലക്ടർ അധ്യക്ഷനായി മോണിറ്ററിങ്ങ് കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്ലാന്റിന്റെ സിവിൽ ജോലികൾ ഫെബ്രുവരി 20 ന് മുൻപായും യന്ത്രങ്ങൾ സ്ഥാപിക്കലും, വൈദ്യുതീകരണവും മാർച്ച് 20 ന് മുൻപായും പൂർത്തിയാക്കി മാർച്ച് 31 ന് പ്ലാന്റ് കമ്മീഷൻ ചെയ്യണമെന്ന് മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്.